മിസ്റ്റർ കെ. എസ്സ്. പണിക്കർ: പഴഞ്ഞിക്ക് അടുത്ത് അക്കിക്കാവിൽ ഒരു ഔട്ട്പോസ്റ്റ് ഉണ്ടായിരുന്നതു് എന്തുകൊണ്ടാണു് വേണ്ടെന്നുവെച്ചതു്?

റാവു ബഹദൂർ എം. നാരായണമേനോൻ: ആവശ്യമില്ലെന്നതോന്നിയതുകൊണ്ടു്.

Mr. K. R. Viswambharan *(Ezhuvas-Talappalli):* It is a motion which can very well be accepted by Government.

Rao Bahadur M. Narayana Menon *(Commissioner of Police):* There is no necessity for it. That is all I can say. If there is real necessity it will be considered.

Mr. K. R. Viswambharan *(Ezhuvas-Talappalli):* I beg leave of the House to withdraw the resolution.

The only thing is that this Council will not be responsible for any breach of peace in that locality. *(Laughter).*

Resolution by leave withdrawn

RESOLUTION No. 35

Committee to go into the condition of labour in the State

മിസ്റ്റർ വി. കെ. കുട്ടി: "സംസ്ഥാനത്തെ തൊഴിലാളികളുടെ അവശതകളേയും ആവശ്യങ്ങളേയും പറ്റി അന്വേഷിച്ചു റിപ്പോർട്ട് ചെയ്യുവാൻ ഒരു കമ്മിറ്റിയെ നിയമിക്കണമെന്നു് ഈ കൌൺസിൽ മഹാരാജാവു തിരുമനസ്സിലെ ഗവണ്മെണ്ടിനോടു് അപേക്ഷിക്കുന്നു".

സർ, ഈ രാജ്യത്തു തൊഴിലാളിപ്രവർത്തനങ്ങൾ മുന്നോട്ടു വന്നുതുടങ്ങിട്ടു വളരെ കാലമായിട്ടുണ്ടു്. തൊഴിലാളിനിയമങ്ങളുടെ ആവിർഭാവത്തോടുകൂടി തൊഴിലാളികളുടെ അവശതകൾ കുറഞ്ഞുകുറഞ്ഞുവരുന്നുണ്ടെങ്കിലും അവരിൽ പലരും നിരന്തരക്ലേശങ്ങൾ സഹിക്കേണ്ടിവരുന്നതായിട്ടാണറിയുന്നതു്. തോട്ടങ്ങളിലെ തൊഴിലാളികളെ സംബന്ധിച്ചാണെങ്കിൽ വാസ്തവത്തിൽ തോട്ടമുടമസ്ഥന്മാർ യാതൊരു ദോഷവും ചെയ്യുന്നില്ലെന്നു മിസ്റ്റർ മത്തായി പറയുമായിരിക്കും. എന്നാൽ അവിടെയും വളരെ അനീതികൾ നടക്കുന്നുണ്ടെന്നു് കഴിഞ്ഞ ബഡ്ഡറ്റ സമ്മേളനത്തിൽ ഞാൻ ഗവണ്മെണ്ടിനെ ഉൽബോധിപ്പിക്കയുണ്ടായിട്ടുണ്ടു്. ഈ വിഷയകമായി സഹോദരനിൽ പ്രസിദ്ധം ചെയ്തിരുന്ന എഡിറ്റോറിയൽതന്നെ ഞാൻ ഈ സഭയിൽ വായിച്ചുകേൾപ്പിക്കുകയുണ്ടായി. വളരെ അകലെ കാട്ടുപ്രദേശങ്ങളിൽ സ്ഥിതിചെയ്യുന്ന പാവപ്പെട്ട തൊഴിലാളികളുടെ സ്ഥിതിഗതികൾ ഇവിടെയിരുന്നുകൊണ്ടു് മനസ്സിലാക്കി അവക്കു വേണ്ടതു ചെയ്യുകയെന്നുള്ളതു് വളരെ വിഷമമാണു്. അവരുടെ ആവലാതികൾ പലപ്പോഴായി കേൾക്കുന്നതിനേക്കാൾ ഭേദം, ഗവണ്മെണ്ടിന്നു വിശ്വാസമുള്ള രണ്ടോ മൂന്നോ ആളുകളെ ഒരു കമ്മിറ്റിയായി നിയമിക്കുകയും, കൊച്ചിരാജ്യത്തു എതെല്ലാം തരത്തിലുള്ള തൊഴിലുകളുണ്ടെന്നും, തൊഴിലാളികൾ അനുഭവിച്ചുവരുന്ന കഷ്ടതകളെന്തെല്ലാമാണെന്നുമുള്ള വിവരങ്ങൾ അന്വേഷിച്ചു കമ്മിറ്റിറിപ്പോർട്ട് സമർപ്പിക്കുകയുമാണു് കാര്യനടത്തിപ്പിന്നാവശ്യമായിരിക്കുന്നതു്. അങ്ങിനെയാണെങ്കിൽ അവരെ സംബന്ധിച്ചുള്ള എന്തെങ്കിലും ചോദ്യങ്ങൾ ഈ കൌൺസിലിൽ വരുമ്പോൾ

LIBRARY ARCHIVES Kerala Legislative Assembly

തന്നെ ഗവൺമെണ്ടിനു വേഗത്തിൽ മറുപടി പറയുവാൻ സാധിക്കും.

ഡെപ്യൂട്ടി പ്രസിഡണ്ട്: ഒരിക്കൽ ഒരു റിപ്പോർട്ട് വരുത്തിയാൽ പിന്നീടു വരുന്ന അവശ്യകതകൾ എങ്ങിനെ അറിയും?

മിസ്റ്റർ വി. കെ. കുട്ടി: അവരുടെ കൂലി സമ്പ്രദായങ്ങളും ഏജണ്ടന്മാർ തൊഴിലാളികളോടുള്ള പ്രവർത്തിക്കുന്ന ന്യായരഹിതമായിട്ടുള്ള കാര്യങ്ങളുമൊക്കെ ഒരുതരത്തിലുള്ളതായിരിക്കും ഒരു മുതലാളിയോടു ചോദിച്ചാൽ ഒരു തൊഴിലാളിക്കു് ഫ൦ണ കൂലി കൊടുക്കുന്നുണ്ടെന്നു പറയും. എന്നാൽ ഏജണ്ടന്മാർ ആ ഫ൦ണ. വാങ്ങിച്ചിട്ടു് തൊഴിലാളികൾക്കു് കൊടുക്കുന്നതു നാലണയായിരിക്കും ഈ നാലണക്കു് ചില ഏജണ്ടന്മാർ കൊടുക്കുന്നതു് പുഴുത്ത അരിയും നാറിയ സാധനങ്ങളുമായിരിക്കും.

ഡെപ്യൂട്ടി പ്രസിഡണ്ട്. ആദ്യത്തെ പ്രസംഗം കേട്ടാൽ സ്ഥിരമായി ഒരു കമ്മിറ്റിയെ നിയമിക്കുവാനാണെന്നു തോന്നും. അതുകൊണ്ടു് സ്ഥിരമായിട്ടു് ഒരു കമ്മിറ്റി വേണമെന്നോ അതോ ഈ കാര്യങ്ങൾ അറിഞ്ഞു് റിപ്പോർട്ട് ചെയ്യുന്നതിനു് ഒരു കമ്മിറ്റി വേണമെന്നോ ഏതാണാവശ്യം?

മിസ്റ്റർ വി. കെ. കുട്ടി: ഈ വക കാര്യങ്ങളെപ്പറ്റി അന്വേഷിച്ചു് ഒരു റിപ്പോർട്ട് വരുത്തുന്നതായാൽ ഇവിടത്തെ തൊഴിലാളികളുടെ സ്ഥിതിഗതികൾ മനസ്സിലാക്കുന്നതിനു് ഗവൺമെണ്ടിനു് വലിയൊരു സഹായമായിരിക്കും. അതുകൊണ്ടു് ഈ സഭ ഈ വിഷയത്തെപ്പറ്റി വേണ്ടതു് ആലോചിച്ചു് ഇതു് പാസ്സാക്കുവാൻ അപേക്ഷിക്കുന്നു.

Mr. K. R. Viswambharan *(Ezhuvas-Talappalli):* I wholeheartedly support this resolution. In doing so, I have to bring to the notice of the Government that the functions of Labour Commissioner at present are not well defined as will be seen from the statement made the other day by the Joint Secretary.

Mr. P. V. Raphael *(Joint Secretary to Government):* It is very well-defined now.

Mr. K. R. Viswambharan *(Ezhuvas-Talappalli):* He said that it is more or less the work of a co-ordination officer that he is doing. The powers under the various statutes are exercised by different officers. Of late, the labour problem is assuming seriousness. This will be evident from the very many strikes that had taken place recently. To my knowledge the Labour Commissioner cannot, under the present circumstances, do any profitable work to the advantage of the labourers. So, it is necessary that we must go into the question minutely and in detail; and for that purpose it is necessary that a committee of officials and non-officials be constituted. Now, there is a complaint that our labour legislation is not on a par with the pieces of legislation that exist in many of the progressive provinces and states of India. Reference was made by the Hon'ble Member for Labour to a Labour Ordinance of Mysore. Personally, I had not the privilege to go through that

LIBRARY ARCHIVES Kerala Legislative Assembly

labour ordinance and thus make any comparative study. Recently, drastic amendments are reported to have been adopted by provincial Governments in their respective pieces of legislation with regard to labour. So, to march with the times and also to deal with the peculiar labour problems of Cochin, it will be only in the fitness of things to appoint a committee as suggested by the Hon'ble Member for Labour.

Mr. A. V. Moothedan *(Chalakkudi):* I do not think there is any necessity for the appointment of a committee immediately. There is no catastrophe arisen out of labour just now. My point is there is no immediate necessity for the appointment of a committee. There is no problem of labour which has arisen here. The disabilities of labour continue, I know. What is the use of a committee?

Mr. K. R. Viswambharan *(Ezhuvas-Talappalli):* We will put our heads together.

Mr. A. V. Moothedan *(Chalakkudi):* There is no difference of opinion on this matter, and everybody knows that. Therefore, what is the problem? Have we a committee now? We have certain disabilities which the labourers are suffering from. The best thing is to try to change the Government.

Deputy President: Does the Hon'ble Member for Chalakkudi know the conditions of labour in the Nelliampathies?

Mr. A. V. Moothedan *(Chalakkudi):* We have plenty of record in the Council Proceedings.

Mr. K. R. Viswambharan *(Ezhuvas-Talappalli):* Do you know anything about the labour conditions of Anthikad?

Mr. A. V. Moothedan *(Chalakkudi):* Do you know anything about the labourers in Melur? Not that I have no sympathy. There is no necessity for the immediate appointment of a committee.

മിസ്റ്റർ കെ. എസ്സ് പണിക്കർ: സർ, "കൊച്ചി രാജ്യത്തിലെ എസ്റ്റേറ്റുകളിലേയും മില്ലുകളിലേയും മറ്റു സകല യന്ത്രശാലകളിലേയും ഉദ്യോഗസ്ഥന്മാർ മുതൽപ്പടെയുള്ള എല്ലാ തൊഴിലാളികളുടേയും ക്ഷേമനിരക്ഷ്, ജീവിതസൌകര്യം, ആരോഗ്യസംരക്ഷണം മുതലായവയെ സംബന്ധിച്ചു് അന്വേഷിച്ചു് പ്രായോഗികമായ നിർദ്ദേശങ്ങളോടുകൂടി ഒരു റിപ്പോർട്ട് സമർപ്പിക്കുന്നതിനു് ഈ നിയമസഭയിൽനിന്നു് ഒരു അന്വേഷണോദ്യോഗസ്ഥ കമ്മിറ്റി രൂപീകരിക്കണമെന്നു് ഈ കൌൺസിൽ ഗവർമ്മെണ്ടിനോടു് ശുപാർശചെയ്യുന്നു" എന്നുള്ള ഒരു പ്രമേയം ഞാൻ അയച്ചിട്ടുള്ളതു് അജണ്ടയിൽ ഫസ്റ്റ്-ാം നമ്പ്രായി ചേർത്തുകാണുന്നുണ്ടു്. അതു് വിവാദത്തിലിരിക്കുന്ന പ്രമേയത്തോടു് തുലനം ചെയ്യുമ്പോൾ കുറച്ചു സങ്കുചിതമാണെങ്കിലും, ഏതാണ്ടു് ഇതിനോടു് താരതമ്യപ്പെട്ടതാവുന്ന ഒന്നാണു്. ഇതു് രണ്ടുംകൂടി ഒരുമിച്ചു് discuss ചെയ്യുന്നതിനു് ചെയറിൽനിന്നും അനുവദിച്ചാൽ വളരെ ഉപകാരമായിരിക്കും.

LIBRARY ARCHIVES Kerala Legislative Assembly

Deputy President: Yes. Both these resolutions will be discussed together.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: സർ, കൊച്ചിയിലെ തൊഴിലാളികളുടെ കഷ്ടസ്ഥിതിയെപ്പറ്റി ഈ നിയമസഭയിൽ പല പ്രാവശ്യവും വാദപ്രതിവാദത്തിന്നിടവന്നിട്ടുള്ളതാണ്. ഈയിടെ നമ്മുടെ ഗവമ്മെണ്ടു് ഉദ്യോഗസ്ഥന്മാരും കൊച്ചി നിയമസഭയിലെ ഡെപ്യൂട്ടി പ്രസിഡണ്ടു് അവർകളും മറ്റും അന്തിക്കാട്ടു് ചെന്നു് വളരെ ബുദ്ധിമുട്ടാൻ ഇടവന്നിട്ടുള്ളതു് അവിടത്തെ തൊഴിലാളികളുടെ കഷ്ടസ്ഥിതിയെക്കുറിച്ചു് പുറപ്പെട്ടിട്ടുള്ള ഒരു സംഗതികൊണ്ടുമാത്രമാണ്. എസ്റ്റേറ്റുകളിലേയും യന്ത്രശാലകളിലേയും എന്നു് ഞാൻ പ്രത്യേകം പറഞ്ഞിട്ടുള്ളതു്; എസ്റ്റേറ്റുകളിലേക്കു് കൂലിക്കാരെ കൊണ്ടുപോകാനായി മൂന്നാമനായിട്ടു് ഒരു ഏജണ്ടു് വരും. ഈ ഏജണ്ടു മുഖേനയാണു് തോട്ടങ്ങളിലേക്കു് കൂലിക്കാരെ കൊണ്ടുപോകുന്നതു്. എസ്റ്റേറ്റുകളിൽ ഏല്പിച്ചുകൊടുക്കുന്ന കൂലിക്കാരെക്കൊണ്ടു് പണിയെടുപ്പിക്കുന്നതു് തോട്ടത്തിലെ മേസ്ത്രിമാരാണു്. കൂലിക്കാരെ തോട്ടക്കാർക്കു വിറ്റു് ഏജണ്ടു് പണം വാങ്ങി നാടുവിടുന്നു. കൂലിക്കാർക്കു് തോട്ടത്തിൽനിന്നു് ഒരു ആഴ്ചയിൽ ഒന്നിൽ ചിലപ്പോൾ ഉരപ്പിക്കുള്ള സാമാനം മാത്രം കൊടുക്കുന്നതല്ലാതെ കൂലി ഒന്നും കൊടുക്കുന്നില്ലെന്നതന്നെയല്ല കൂലി ചോദിക്കുവാനുള്ള അധികാരമൊ നാട്ടിലേക്കു മടങ്ങിപ്പോരുവാനുള്ള സ്വാതന്ത്ര്യമൊ ഒരു കൂലിക്കാർക്കില്ലെന്നാണു് അനുഭവംകൊണ്ടു കാണുന്നതു്. ഇപ്പോഴും ഒരുതരം അടിമക്കച്ചവടം തന്നെയാണു് തോട്ടങ്ങളിൽ നടക്കുന്നതെന്നു പറയുന്നതിൽ യാതൊരു അതിശയോക്തിയും ഇല്ല. ഇവർക്കു കൊടുക്കേണ്ടതായ കൂലി മുഴുവനും ഈ ഏജണ്ടും തോട്ടത്തിലെ മേസ്ത്രിയും തട്ടിയെടുക്കുന്നതായിട്ടാണു് കാണുന്നതു്. ഈ തൊഴിലാളികൾ അവിടെ ചെന്നു് വളരെ കഷ്ടപ്പെട്ട പണിയെടുത്തു് കുറെ ദിവസങ്ങൾ കഴിയുമ്പോൾ മലമ്പനിയും മറ്റും പിടിപെട്ടു് അകാലമരണത്തിന്നുപോലും ഇടയാകുന്നുണ്ടു്. നമ്മുടെ നാട്ടിൻപുറങ്ങളിൽ പണിയില്ലാതെ കഷ്ടപ്പെടുന്ന തൊഴിലാളികൾ എവിടെയെങ്കിലും പണിയുണ്ടെന്നുകേൾക്കുമ്പോൾ അവിടേക്കു് പോകുവാൻ സന്നദ്ധരാണു്. എന്നാൽ ഇങ്ങിനെയുള്ള തൊഴിലാളികൾ തോട്ടങ്ങളിൽ ചെന്നിട്ടു് എന്തെങ്കിലും സുഖക്കേടു പിടിപെട്ടുകഴിഞ്ഞാൽ അവരെ ചികിത്സിക്കുന്നതിനായി കമ്പൌണ്ടിംഗ് കൂടി പാസ്സാകാത്ത ആളുകളെയാണു് ഡോക്ടർമാരായിട്ടു് നിയമിച്ചിരിക്കുന്നതു്. തന്നിമിത്തം രോഗം മനസ്സിലാക്കാതെ മരുന്നു കൊടുത്തു് അകാലമരണത്തിന്നും ഇടവരുന്നുണ്ടു്, ഇതൊക്കെ അനുഭവം വെച്ചുകൊണ്ടു പറയുന്നതാണു്. പനി പിടിച്ചു് എഴുനേല്ക്കുവാൻ പോലും പാടില്ലാതെ പാടിയിൽ കിടന്നിരുന്ന ഒരു തൊഴിലാളിയെ ചവിട്ടിക്കൊണ്ടു് അടിച്ചു പണിയെടുപ്പിക്കുവാൻ പ്രേരിപ്പിച്ചതുമൂലം പാലപ്പള്ളി മലയിൽ ഒരു കൂലിക്കാരൻ മരിക്കുവാൻ ഇടവന്നിട്ടുണ്ടു്. (പാടിയെന്നു പറയുന്നതു് എസ്റ്റേറ്റുകളിൽ ജോലിചെയ്യുന്ന തൊഴിലാളികൾക്കു താമസിക്കുവാൻ കെട്ടുന്ന സ്ഥലമാണു്).

മിസ്റ്റർ എ. വി. മൂത്തേടൻ: ആ സംഭവം ഗവമ്മെണ്ടിന്റെ ശ്രദ്ധയിൽ പെടുത്തിട്ടുണ്ടോ?

മിസ്റ്റർ കെ. എസ്സ്. പണിക്കർ: പത്രത്തിലുണ്ടായിരുന്നു.

മിസ്റ്റർ പി. വി. റാഫേൽ: ഏതു പത്രത്തിലായിരുന്നു?

മിസ്റ്റർ കെ. എസ്സ്. പണിക്കർ: മാതൃഭൂമിയിൽ. ഒരുപക്ഷെ ബഹുമാനപ്പെട്ട ജോയിന്റ് സെക്രട്ടറി അവർകൾ മാതൃഭൂമി തുടച്ചുയായി വായിക്കുന്നില്ലായിരിക്കാം.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ കെ. ആർ. വിശ്വംഭരൻ : കൊച്ചിയിലെ പത്രങ്ങളിലുണ്ടോ ?

മിസ്റ്റർ കെ. എസ്സ്. പണിക്കർ : കൊച്ചിയിലും മലയാളക്കര മുഴുവനും വളരെ പ്രചാരമുള്ളതും, മലയാളം അറിയുന്ന പൊതുജനങ്ങൾ പ്രധാനമായി വായിക്കുന്നതുമായ ഒരു പത്രമാണ് മാതൃഭൂമി. ഇൻഡ്യയിൽ മലയാളഭാഷ നടപ്പിലിരിക്കുന്ന സ്ഥലങ്ങളിലെല്ലാം ഈ പത്രത്തിനു് വേണ്ടുവോളം പ്രചാരമുണ്ടു്.

മിസ്റ്റർ കെ. ആർ. വിശ്വംഭരൻ : കൊച്ചിയിൽനിന്നു് പരസ്യംചെയ്യുന്ന പത്രങ്ങളിൽ ഈ സംഭവം റിപ്പോർട്ടുചെയ്തിട്ടുണ്ടോ എന്നാണു് എന്റെ ചോദ്യം.

മിസ്റ്റർ എ. വി. മൂത്തേടൻ : ഇതു് യഥാർത്ഥമായ സംഭവമാണെന്നു് ബഹുമാനപ്പെട്ട മെമ്പർ അന്വേഷിച്ചിട്ടുണ്ടോ ?

മിസ്റ്റർ കെ. എസ്സ്. പണിക്കർ : ഇതു് യഥാർത്ഥത്തിലുണ്ടായ ഒരു സംഗതിയാണെന്നാണു് പത്രങ്ങളിൽനിന്നും, മറ്ററിപ്പോർട്ടുകൾകൊണ്ടും മനസ്സിലാക്കുവാൻ സാധിച്ചിട്ടുള്ളതു്. എസ്റ്റേറ്റുകളിലുള്ള ആളുകളോടു് ഞാൻ ചോദിച്ചപ്പോൾ അവിടെയുള്ള കൂലിക്കാരോടും മറ്റും വളരെ നിർദ്ദയമായിട്ടാണു് കൂലി കൺട്രാക്ടർമാർ പെരുമാറിവരുന്നതെന്നു് അറിയുവാൻ സാധിച്ചിട്ടുണ്ടു്. ഈ തോട്ടത്തിൽ ആദ്യം ഒരിക്കൽ ഒരു L. M. P. ഡോക്ടറെ നിയമിക്കയുണ്ടായി. ആ ഡോക്ടർ ഒരു സുഖക്കേടുകാരനായ കൂലിക്കാരനെ പണിയെടുക്കുവാൻ സമ്മതിച്ചില്ല. അതുകൊണ്ടു് ആ ഡോക്ടറെ വളരെ കക്ഷമായവിധത്തിൽ എസ്റ്റേറ്റ് ഉദ്യോഗസ്ഥന്മാർ പിരിച്ചുവിടുകയാണുണ്ടായതു്. തോട്ടങ്ങളിലെ തൊഴിലാളികളുടെ ആരോഗ്യസംരക്ഷണത്തിനു് പരീക്ഷാബുദ്ധിമുള്ള ഡോക്ടർമാരെനിയമിക്കേണ്ടതു് അത്യന്താപേക്ഷിതവും ആ ഡോക്ടർമാരെ ഗവൺമെണ്ടിൽനിന്നു് നിയമിച്ചു് അവർക്കുള്ള ശമ്പളം എസ്റ്റേറ്റു് ഉടമസ്ഥന്മാരിൽനിന്നു് ഗവൺമെണ്ടു് വസൂൽചെയ്യുകയും ചെയ്യണമെന്നുള്ള ഒരു അഭിപ്രായവും കൂടി എനിക്കുണ്ടു്. ബഹുമാനപ്പെട്ട തോട്ടക്കാരുടെ മെമ്പർ ശ്രീമാൻ മത്തായി അവർകളുടെ കീഴിൽ പണിയെടുക്കുന്ന തൊഴിലാളികൾ വളരെ ദുരിതങ്ങൾ അനുഭവിച്ചുതായി അറിയുവാനിടയായി. ഒരിക്കൽ അവർ ജോലിചെയ്തിട്ടു് കൂലികിട്ടീട്ടില്ലെന്നും പറയുകയുണ്ടായി. ഞാൻ അതിനെപ്പറ്റി അന്വേഷിച്ചതിൽ കൂലികിട്ടാഞ്ഞതു് മുതലാളിയായ മി. മത്തായിയുടെ കുറ്റമല്ലെന്നും അതു് ഏജണ്ടന്മാരുടെ തരക്കേടാണെന്നും മനസ്സിലാക്കുവാൻ സാധിച്ചു. ഈ തൊഴിലാളികളെ അദ്ദേഹത്തെ ഏല്പിച്ചുകൊടുത്തു് ഏജണ്ടു് പണം വാങ്ങിപോയി അത്രെ.

ഡെപ്യൂട്ടിപ്രസിഡണ്ടു് : ഇതു് അന്വേഷണകമ്മിറ്റി ആലോചിക്കേണ്ട സംഗതിയാണൊ ?

മിസ്റ്റർ കെ. എസ്സ്. പണിക്കർ : ഈ വക സംഗതികൾ മേലാൽ വരാതിരിപ്പാനും കൂടിയാണു് കമ്മിറ്റിവേണമെന്നുപറയുന്നതു്; തൊഴിലാളികളെപ്പറ്റി അന്വേഷിക്കേണ്ട ആവശ്യമില്ലെന്നു് അർത്ഥം വരത്തക്കവിധത്തിൽ ചാലക്കുടി ബീഡിതൊഴിലാളികളെ നയിച്ചുകൊണ്ടിരുന്ന ബഹുമാനപ്പെട്ട ചാലക്കുടി മെമ്പർ പറഞ്ഞതുകൊണ്ടു് ഞാൻ ഇതുയും വിവരിക്കുവാൻ ഇടവന്നതാണു്.

മിസ്റ്റർ എ. വി. മൂത്തേടൻ : ഞാൻ ബീഡി തൊഴിലാളികളെ നയിച്ചുകൊണ്ടുനടന്നിട്ടില്ല.

മിസ്റ്റർ കെ. എസ്സ്. പണിക്കർ : കഴിഞ്ഞ തിരഞ്ഞെടുപ്പുകാലത്തും തിരഞ്ഞെടുപ്പു കഴിഞ്ഞു് കുറേകാലത്തേക്കും ബീഡി തൊഴിലാളികളുടെ തണലിലും

LIBRARY ARCHIVES Kerala Legislative Assembly

താങ്ങലിലും ജീവിച്ചിരുന്നതിനു് പത്രറിപ്പോർട്ടുകളും സാക്ഷ്യം വഹിക്കുന്നതാണെല്ലൊ. ഇപ്പോൾ അവരെ നയിക്കുന്നില്ലായിരിക്കാം.

അതുകൊണ്ടു് കുലിക്കാരുടെ ഇടയിൽ നടക്കുന്നതായ ഈ വക അനിഷ്ട സംഭവങ്ങൾ പ്രത്യേകം അന്വേഷിച്ചു് റിപ്പോർട്ടു ചെയ്യുന്നതിനും മറ്റുമായി ഒരു കമ്മിറ്റിയെ നിയമിക്കേണ്ടതു് അത്യന്താപേക്ഷിതമാണെന്നും തൊഴിലാളി മെമ്പർ, മിസ്റ്റർ വി. കെ. കുട്ടിയുടെ പ്രമേയവും, എന്റെ പ്രമേയവുംകൂടി കൂട്ടു് ചെയ്തു് ഇവിടെ ആലോചനക്കെടുക്കണമെന്നും നിയമസഭയുടെ അനുഭാവപൂർവ്വവും, അനുകമ്പാപൂർവ്വവും ആയ പിൻതുണ ഈ പ്രമേയങ്ങൾക്കുണ്ടായിരിക്കണമെന്നുമുള്ള അപേക്ഷയോടുകൂടി ഞാൻ പ്രസംഗം അവസാനിപ്പിക്കുന്നു.

Mr. K. R. Viswambharan *(Ezhuvas-Talappalli):* Mr. Kutty's resolution wants the appointment of a committee, whereas Mr. Panicker's resolution wants a non-official committee. So I beg leave of the House to move an amendment to delete the word "അനുദ്യോഗസ്ഥ" from resolution No. 134 which stands in Mr. Panicker's name.

Mr. A. V. Moothedan *(Chalakkudi):* There is difference in the scope also of the two resolutions. Mr. Kutty wants a general survey, while Mr. Panicker wants a specific enquiry.

Mr. K. R. Viswambharan *(Ezhuvas-Talappalli):* The committee contemplated by both resolutions may be one and the same.

Deputy President: Both the resolutions can be discussed together. If you are going to divide the House, you may decide on which issue you are going to vote.

Mr. M. K. Devassy *(Adur):* Some suitable amendments can be made.

Deputy President: If the amendments are to be moved, the same should be moved now.

Mr. K. R. Viswambharan *(Ezhuvas-Talappalli):* What about the amendment I have moved, to delete the word "അനുദ്യോഗസ്ഥ"?

Deputy President: Mr. Panicker's resolution is not seconded.

Mr. M. K. Devassy *(Adur):* I second it.

Mr. K. R. Viswambharan *(Ezhuvas-Talappalli):* Then I press my amendment.

Mr. P. Govinda Menon *(Mulakunnathukavu):* The amendment can also be discussed.

Mr. K. R. Viswambharan *(Ezhuvas-Talappalli):* A Daniel comes to judgment!

Deputy President: You have to decide which resolution has to be put to vote first.

LIBRARY ARCHIVES Kerala Legislative Assembly

Mr. K. R. Viswambharan *(Ezhuvas-Talappalli):* If this amendment is accepted there will be no difficulty to put both the resolutions to vote. Practically the scope of both resolutions will be the same if അനുബന്ധമായ is included in resolution No. 134. The difference in issues will be whether it must be an official committee or a non-official committee. It will centre round that question.

Deputy President: Is that the only difference between the two resolutions ?

Mr. A. V. Moothedan *(Chalakkudi):* There is difference in the scope also.

Deputy President: The practice has been in this House when several resolutions on the same subject come up here that the members are allowed to discuss all the resolutions together, and when the House is going to vote, the issue will be framed. That has been the practice here. There is no necessity to move any amendment now.

Mr. K. R. Viswambharan *(Ezhuvas-Talappalli):* Then I withdraw my amendment.

Mr. M. K. Devassy *(Adur):* Sir, I rise to support partly the principles contained in both the resolutions. The form in which I support them is that a committee should be appointed to enquire into the disabilities and requirements of the labourers and suggest practical remedies to the Government. It was a surprise to me to hear from my Hon'ble Friend the Member for Chalakkudi, a rather disappointing note regarding this resolution. Some of the retrograde tendencies recently appearing in the speech of my hon'ble friend are rather surprising to me; because I used to identify my hon'ble member with the labour problems of the State. Possibly it is that consciousness on the part of my friend that he can well claim to be well informed about the conditions of all the labourers in the State and therefore can give an authoritative opinion on the matter without further enquiry, that led him to oppose this motion. But in my view to whatever extent my hon'ble friend may claim to be the custodian of these matters, there is a more responsible task for this legislature to examine whether all the members of this House or whether any member of the Treasury Bench is in a position to give an exhaustive report about the conditions of labour obtaining in the State.

Sir, the question of labour problem has been engaging the attention of the public for a pretty long time. If I remember correctly, it was during the last budget speech, that the Joint Secretary to Government remarked that the Government had no

LIBRARY ARCHIVES Kerala Legislative Assembly

occasion of knowing that there is considerable disquietitude prevailing among the labourers in the Cochin State and that if as a matter of fact that aspect has been brought to the notice of the Government, Government would have taken early steps to remedy them. The very fact that Government from time to time has been tabling legislation on the floor of this House and have been making some appointments also very recently in connection with labour shows that the Government is alive to the problem. My only case is that the problem is not effectively solved. When my Hon'ble Friend Mr. Kutty on another occasion moved for the appointment of a Labour Commissioner for Cochin, some of us sitting on this side of the House had occasion to observe that even the appointment of a Labour Commissioner will not go a long way in solving the problem, inasmuch as the Labour Commissioner will not have adequate powers under the existing legislation to effectively solve the labour problems in the State. It was our view point then that the mere fact that a new office is created will not solve the problem, until you can strike at the very root of the problem and find out effective remedies to solve the nature of the controversy. What is the situation now? Sir, in almost all parts of the State, at almost short intervals, we hear of labour unrest. The recent instance of the Toddy Tappers' strike at Anthikad must be an eye-opener to the Government. I ask you, Sir, what would have been the situation in Anthikad? There would have been blood-shed; thousands of lives might have been lost. The Government might be able to sufficiently vindicate its position. It might be able to establish peace after a long period. But neither the Government nor the public can answer the unpleasant consequences which might have followed such an unrest on the part of the labourers. The question is whether the Government has been trying to take sufficient steps to avoid a precipitation of a crisis. To my mind, Sir, there is a way in which the Government should deal with the problem. That way should be that the Government, either by law or by its influence, must hold the balance between the capitalist or the master and the labourer. It is not seldom that the master gets encouragement at the hands of the Government that the master feels that with the support from the Government quarters, either authoritatively or without authority, he will be in a position to see that his views prevail and the labourers suffer. It is this consciousness of banking upon Government support that has induced the capitalists to persecute the labourers. Any strike cannot be considered to be unlawful. Strikes are civil remedies adopted by people for a peaceful solution of the problems which confront them. But there are occasions when such strikes assume enormous magnitude and

LIBRARY ARCHIVES Kerala Legislative Assembly

from the peaceful trend it passes on to uncontrollable situations. There are also moments when even the most peaceful of strikes will be interpreted by those in authoritative positions as being unlawful and action taken to stigmatise such strikes as being unlawful and violent. It is time that the Government should understand the real situation in these matters and should modify its policy in such a manner as to see that the legitimate rights of the people are protected by peaceful and lawful methods. Sir, this question has been engaging the attention, as my Friend Mr. Viswambharan has been remarking, of the Government of India and after studying the whole problem, a report has been submitted and it is now being translated into several pieces of legislation. It is likely that it will not be possible for a State like this to adopt in toto the recommendation of that committee or to copy all the legislations that might be passed there. Legislations and recommendations will have to be modelled according to the peculiar conditions obtaining in each State. And this can be done only by a committee going into the question, studying the nature of the problems and placing suitable recommendations before the Government. This is perhaps the best way in which this House can suggest an effective, a modest and a reasonable solution of this problem, and I hope that the Government will find its way to accept this resolution and to see that it bears fruit.

Mr. V. J. Mathai *(Planters):* Sir, I am at one with everybody who is advocating this cause that every effort should be made to improve the condition of the labourers everywhere. And I, as an Indian, though I may come under the appellation planter, am one who feel that I should fight for the cause of my countrymen whether they are labourers or planters or agriculturists or whatever they be. Having had the opportunity to represent interests which employ labour to a large extent, I can assure this House, that I have been viewing this question not from the point of view of planters alone, but from the view of my countrymen who are all labourers. And it was with a critical eye that I made frequent visits to almost all the estates in the Cochin State. I am at present confining myself to the problem of estate labour since that was what was specifically touched upon, and I can assure this House that even with the most critical eye with which I viewed this question, I have been satisfied that so far as Indian planters as well as European planters are concerned, their self-interest demands that the requirements of labour should be satisfied as far as possible and that they are treating labourers very well. It is the planter's interest to see that the labourers who work for him are cared for, that they are in a state of efficiency, so that he himself ultimately benefits by the

LIBRARY ARCHIVES Kerala Legislative Assembly

efficiency of the labour turned out for him. I should say from my experience as an employer of labour and also as a cultivating farmer, that we, Indian planters and those Europeans who are now in the Cochin State, I can add outside as well, are really looking upon labourers as our help-mates and brothers. I can also assure you that if ever it comes to my notice that our labourers are treated unjustly, whether it be by planters or otherwise, I will be the foremost to champion their cause and fight with all my might to redress their grievances. I can further assure this House that my advocacy will be none-the-less sincere than that of anybody here, even than that of my friend Mr. Kutty, whether I represent Labour or not.

I can assure this House that there is nothing radically wrong with the treatment of estate labour. I do not say that everything is perfect. I can assure this House that every effort is being made to make it as perfect as possible. I know my friends have been looking at the question in a spirit of constructive criticism, not in a state of destructive and carping criticism.

Deputy President: You may continue your speech after lunch.

The House rose for lunch at 1 p.m. and re-assembled at 2.30 p.m. with the Panel Chairman, Mr. K. R. Viswambharan, in the Chair.

Panel Chairman: Discussion on the resolutions Nos. 35 & 134 may now continue.

Mr. V. J. Mathai *(Planters):* I have to continue my speech. Berore I do so, I have to express my great pleasure in seeing you in the Chair, which is another indication of the attainment of rise by the non-official side of the House.

When we take up the question of planters and labour, we have to bear in mind that we have only below two thousand acres in Malakkipara and about 3 thousand in the Nelliampathies, which are far away from village parts. We are always under the mistaken impression that all the plantations are high up on the mountains, where wild animals and wild men roam. It is not so. Except these two groups of plantations, all the others are practically in the plains, in our own midst. Thus, for example, the plantations in the Talapilli Taluk are interspersed with the villages. Mr. Norman's estate and also Vaniampara estate, are all practically on one side of Patticad. Coming to Varandarappilli, it will be about ten thousand acres roughly. They are also in village parts where village labour is obtainable and where coolies can come in the mornings and return to their homes in the

LIBRARY ARCHIVES Kerala Legislative Assembly

evenings after receiving their wages. You have to make note of this fact when you speak of plantation labour, the bad housing and the cruel treatment meted out and the high wages that are required. As far as Talappalli, Vaniampara, Vellanikkara, Varandarappilli and such estates are concerned, ordinarily the same wages which are obtainable for rural labour will be sufficient. We have to bear that point in view so far as those parts are concerned.

So also the question of medical aid in these places do not come in at all. Why should you station a separate medical officer in Mr. Norman's estate? Why should you have a separate medical man for Paramal Ittoop's estate, likewise for Mr. A. V. Thomas' estates and the estates in Palappilly, which are already served by grant-in-aid dispensaries?

Mr. K. S. Panicker *(Ezhuvas-Mukundapuram):* Where is the grant-in-aid dispensary in Varandarappilly?

Mr. V. J. Mathai *(Planters):* It is not in the estate. It is near there. Mr. Panicker knows and I also know that coolies go there from Matathur, Amballur and other villages. They go early in the morning and return in the evening. There are only a few coolies who are residents there. So also in Norman's estate.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: മഞ്ഞേരി മുതലായ സ്ഥലങ്ങളിൽ നിന്നു വന്നു താമസിക്കുന്ന labourers ധാരാളമുണ്ട്.

